**ചരമോപചാരം**

## എ. എം. പരമന്റെ നിര്യാണം

മി. സ്പീക്കർ: മുൻ നിയമസഭാംഗം എ. എം. പരമൻ 2018 ജൂൺ 11-ാം തീയതി നിര്യാതനായി. എ. കെ. മാധവന്റെയും ലക്ഷ്മിയുടെയും മകനായി 1926 ഒക്ടോബർ 20-ാം തീയതി എ. എം. പരമൻ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 14-ാം വയസ്സിൽ പൂങ്കുന്നം സീതാറാം ടെക്സ്റ്റൈൽസ് മിൽ തൊഴിലാളിയായ അദ്ദേഹം, മിൽ തൊഴിലാളികളെ സംഘടിപ്പിച്ച് സീതാറാം ടെക്സ്റ്റൈൽസ് വർക്കേഴ്സ് യൂണിയൻ രൂപീകരിക്കാൻ നേതൃത്വം നൽകിക്കൊണ്ടാണ് പൊതുരംഗത്തേയ്ക്ക് വന്നത്. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഷ്ഠിച്ചിട്ടുള്ള എ. എം. പരമൻ 20-ാം വയസ്സിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഴുവൻ സമയ പ്രവർത്തകനായി. 1987-ൽ ഒല്ലൂർ നിയോജക മണ്ഡലത്തിൽ നിന്നും സി.പി.ഐ. പ്രതിനിധിയായി എട്ടാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട എ. എം. പരമൻ 30 വർഷക്കാലം തൃശ്ശൂർ മുനിസിപ്പൽ കൗൺസിലറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സി.പി.ഐ. സംസ്ഥാന കൗൺസിൽ അംഗം, എ.ഐ.റ്റി.യു.സി. സംസ്ഥാന ജോയിന്റ് സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു. എ.

എം. പരമന്റെ നിര്യാണത്തോടെ കേരളത്തിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് വഴിതെളിച്ച മികച്ച സംഘാടകനെയും ധീരനായ സ്വാതന്ത്ര്യസമര സേനാനിയെയും സാധാരണ ജനങ്ങളിൽ ഒരാളായി നിന്ന പൊതുപ്രവർത്തകനെയുമാണ് നഷ്ടമായിരിക്കുന്നത്. അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു)